LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പിനായി 2014-15 ബഡ്ജറ്റിൽ വകയിരുത്തിയ തുക

103 (5908) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വ്യവസായ വകുപ്പിനായി 2014-15 ബജറ്റിൽ വകയിരുത്തിയ തുകയെത്രയെന്ന് വ്യക്തമാക്കാമോ ; എന്തെല്ലാം പദ്ധതികൾക്കായി എത്ര രൂപാവീതം വകയിരുത്തിയെന്നും എത്ര രൂപാവീതം ചെലവാക്കിയെന്നും വിവരിക്കാമോ ?

ഉത്തരം

2014-15 ബഡ്ജറ്റിൽ വ്യവസായ വകുപ്പിനായി (കയർ വകുപ്പ് ഒഴികെ) 522.20 കോടി രൂപ വകയിരുത്തിയിരുന്നു. പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പുതിയ മൈനിംഗ് ലീസും പെർമിറ്റുകളും

104 (5909) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ മൈനിംഗ് ലീസും പെർമിറ്റുകളും നൽകുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് പ്രകാരം പുതിയ മൈനിംഗ് ലീസും പെർമിറ്റുകളും നൽകുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ട്.

(ബി&സി) പാരിസ്ഥിതികാഘാത പഠനം എന്നത്, ലഭ്യമായ വിഭവങ്ങളുടെ ഏറ്റവും സുരക്ഷിതമായ നിലവാരത്തിലുള്ള ഉപഭോഗത്തെ ഉറപ്പുവരുത്തിക്കൊണ്ട് ഒരു

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സുസ്ഥിര വികസന മാതൃക സൃഷ്ടിക്കുന്നതിന് ഉപയുക്തമായ ഒരു സുപ്രധാന 'മാനേജ്മെന്റ് ടൂൾ' ആണ്. പാരിസ്ഥിതികാഘാത പഠനത്തിലൂടെ ഒരു ഖനന പ്രവർത്തിമൂലം ഉണ്ടാകാൻ സാധ്യതയുള്ള എല്ലാ പാരിസ്ഥിതിക പ്രശ്നങ്ങളും പഠനവിധേയമാക്കുവാനും അതിലൂടെ പ്രസ്തുത ഖനന പ്രവൃത്തിമൂലം ഉണ്ടാകാനിടയുള്ള പാരിസ്ഥിതിക പ്രശ്നങ്ങളും പരിസ്ഥിതി നാശവും പരമാവധി ലഘൂകരിക്കുന്നതിനുള്ള കർമ്മ പദ്ധതികൾ തയ്യാറാക്കുവാനും സാധിക്കും. പാരിസ്ഥിതികാനുമതി ലഭിച്ച ഖനന പദ്ധതികളിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ താരതമ്യേന ലഘുവായിരിക്കും. എല്ലാ പുതിയ ഖനന പെർമിറ്റുകൾക്കും ലീസുകൾക്കും പാരിസ്ഥിതിക പഠനം നടത്തി, പാരിസ്ഥിതികാനുമതി സമ്പാദിച്ചിരിക്കണമെന്ന് കേരള മൈനർ മിനറൽ കൺസഷൻ റൂൾസ്- 2015-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് എൻവയോൺമെന്റൽ ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയാണ് പാരിസ്ഥിതികാഘാത പഠനം നടത്തി പാരിസ്ഥിതികാനുമതി നൽകുന്നത്.

ക്വാറി ഉടമകൾ നൽകേണ്ട റോയൽറ്റി

105 (T 5910) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ക്വാറി ഉടമകൾ നൽകേണ്ട റോയൽറ്റി വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) അവസാനമായി റോയൽറ്റി എന്നാണ് വർദ്ധിപ്പിച്ചതെന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത വർദ്ധനവ് ഒഴിവാക്കുന്നതിനോ കുറയ്ക്കുന്നതിനോ സമ്മർദ്ദമുണ്ടോ ; ധനകാര്യവകുപ്പ് ഇതിന്മേൽ അഭിപ്രായം നൽകുകയുണ്ടായിട്ടുണ്ടോ ;

(ഡി) ക്വാറി ഉടമകൾ, ക്വാറികളിൽനിന്ന് കൊണ്ടുപോകുന്ന കരിങ്കല്ലിന് കൃത്യമായ കണക്ക് നൽകാറില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 5-1-2015-ൽ

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly